**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3848** **09-10-2025 - ൽ മറുപടിയ്ക്ക്**

**കെ. എസ്. ആർ. ടി. സി. യിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ. എസ്. ആർ. ടി. സി. യിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് പൊതുഗതാഗത സൗകര്യം മെച്ചപ്പെടുത്തി ജനങ്ങൾക്ക് മികവുറ്റ യാത്രാ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി വിവിധ സർവീസുകളും പദ്ധതികളും ആരംഭിച്ചിട്ടുണ്ട്.<br><br>അത്യാധുനിക സൗകര്യങ്ങളോടുകൂടിയ BS 6 കാറ്റഗറിയിലുള്ള പുതിയ ബസ്സുകളുപയോഗിച്ച് ദീർഘദൂര - അന്തർസംസ്ഥാന റൂട്ടുകളിലും ജില്ലകളെ തമ്മിൽ ബന്ധിപ്പിച്ചും സർവീസുകൾ ആരംഭിച്ചിട്ടുണ്ട്.<br><br>സിറ്റി സർക്കുലർ, സിറ്റി ഷട്ടിൽ, സിറ്റി റേഡിയൽ, ബൈപ്പാസ് റൈഡർ, ഗ്രാമവണ്ടി, സമുദ്ര, നോൺ സ്റ്റോപ്പ് ലിമിറ്റഡ് സ്റ്റോപ്പ്, സൂപ്പർഫാസ്റ്റ് പ്രീമിയം എ.സി., ലിമിറ്റഡ് സ്റ്റോപ്പ് സൂപ്പർ ഫാസ്റ്റ് പാസഞ്ചർ (LS SFP), ഗരുഡ പ്രീമിയം എ.സി., എ.സി. സൂപ്പർ ഫാസ്റ്റ്, ഗരുഡ വോൾവോ മൾട്ടി ആക്സിൽ, ഗരുഡ വോൾവോ എ.സി. മൾട്ടി ആക്സിൽ സ്ലീപ്പർ, എ.സി. സീറ്റർ, എ.സി. സ്ലീപ്പർ, എ.സി. സീറ്റർ കം സ്ലീപ്പർ, പ്രീമിയം സൂപ്പർ ഫാസ്റ്റ്, ഗ്രാമീണ മിനി ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ ലിങ്ക് ബസ് എന്നീ പുതിയ തരം സർവീസുകൾ ആരംഭിച്ചിട്ടുണ്ട്.<br><br>കിലോമീറ്റർ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നഷ്ടത്തിലുള്ള റൂട്ടുകളും ട്രിപ്പുകളും ജനോപകാരപ്രദമായി പുനഃക്രമീകരിച്ച് ചെലവ് ചുരുക്കി വരുമാനം വർദ്ധിപ്പിക്കുന്ന രീതിയിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>കൂടാതെ ഓൺലൈൻ ടിക്കറ്റിംഗ്, ക്യാഷ്ലെസ് ടിക്കറ്റിംഗ്, സിംഗിൾ ഫെയർ ടിക്കറ്റിംഗ്, ലിങ്ക് ടിക്കറ്റിംഗ് സംവിധാനങ്ങൾ മികച്ച യാത്രാസൗകര്യവും ടിക്കറ്റിംഗിലെ ബുദ്ധിമുട്ടുകൾ ഒഴിവാക്കി സേവനം സുതാര്യവും സുഗമവുമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും, ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കി വരുന്നത്. |

കെ.എസ്.ആർ.ടി.സി. ബസുകളിൽ യാത്രക്കാർക്കുള്ള വിവര സംവിധാനം (Passenger Information System), എല്ലാ ബസ് സ്റ്റേഷനുകളിലും കുപ്പിവെള്ള പദ്ധതി, റെസ്റ്റോറന്റ് സൗകര്യം, ദീർഘദൂര യാത്രക്കാർക്ക് നിലവാരമുള്ള ഡൈനിംഗ് നൽകുന്നതിനായി Wayside ഹോട്ടലുകൾ, പ്രധാന ബസ് സ്റ്റേഷനുകളിൽ യാത്രാക്കാർക്കായി ശീതീകരിച്ച കാത്തിരിപ്പ് കേന്ദ്രം, എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ബസ് സ്റ്റേഷനുകളിലെ പൊതു ടോയ്‌ലറ്റുകൾ, സുലഭ് ഇന്റർനാഷണലിന് കൈമാറി വൃത്തിയുള്ള ശൗചാലയങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളുടെ സൗന്ദര്യവൽക്കരണം എന്ന ലക്ഷ്യത്തോടെ ഡിപ്പോകളുടെ ബ്രാൻഡിംഗ് നടത്തി വരുന്നു.

മാലിന്യമുക്ത നവകേരളം ജനകീയ കാമ്പയിനിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യിലെ എല്ലാ ഡിപ്പോകളും വർക്ക്ഷോപ്പുകളും മാലിന്യ മുക്തമാക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

മിതമായ നിരക്കിൽ ഉന്നത നിലവാരമുള്ള പരിശീലനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യിൽ ഐ.ടി. മേഖലയുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് സൊല്യൂഷൻ.
2. ഓൺലൈൻ സ്റ്റുഡന്റ് കൺസഷൻ സംവിധാനം.
3. ഓൺലൈൻ പാസഞ്ചർ റിസർവേഷൻ സിസ്റ്റം & ലൈവ് ടിക്കറ്റിംഗ്.
4. സ്മാർട്ട് ട്രാവൽ കാർഡ്.
5. റെന്റൽ മാനേജ്മെന്റ് സിസ്റ്റം.
6. സിസിടിവിയും ബ്ലിങ്കർ ലൈറ്റ് നടപ്പാക്കലും.
7. കൊറിയർ ആൻഡ് ലോജിസ്റ്റിക്സ്.
8. സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം. (എം.എൽ.എ. ഫണ്ട് ഉപയോഗിച്ച്)
9. കസ്റ്റമർ കെയർ പോർട്ടൽ.
10. ഇന്ധനക്ഷമത കണക്കാക്കുന്നതിനുള്ള പ്രോഗ്രാം.
11. ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റം.
12. ടോൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ.

കെ.എസ്.ആർ.ടി.സി.യുടെ മാത്രം ഉപയോഗത്തിനായി സ്ഥാപിച്ചിട്ടുള്ള കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്ക് കൂടി പ്രയോജനപ്പെടുന്ന രീതിയിൽ യാത്രാഫ്യുവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളും കൂടാതെ, ല്യൂബ്ഷോപ്പുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും തയ്യാറാക്കുകയും ഇതിനകം 15 യാത്രാഫ്യുവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളും, രണ്ട് ല്യൂബ്ഷോപ്പുകളും, ഗുരുവായൂർ യാത്രാഫ്യുവൽസിൽ ഒരു സി.എൻ.ജി. സ്റ്റേഷനും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

സെൻട്രൽ / റീജിയണൽ വർക്ക്ഷോപ്പുകളുടെ പ്രൊഡക്ഷൻ വർദ്ധിപ്പിച്ച് ഓഫ്റോഡ് കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. ആയതിന്റെ ഭാഗമായി വർക്ക്ഷോപ്പുകൾ നവീകരിക്കുന്നതിനായി സെൻട്രൽ / റീജിയണൽ വർക്ക്ഷോപ്പുകളെ പ്രൊഡക്ഷൻ സെന്ററുകളാക്കി മാറ്റുന്നതിന്റെ ആദ്യ ഘട്ടത്തിൽ സെൻട്രൽ വർക്ക്ഷോപ്പിലെ എഞ്ചിൻ പ്രൊഡക്ഷൻ സെന്ററിൽ ശീതീകരണ സംവിധാനവും, ആധുനിക ടൂൾസ് & എക്യുപ്മെന്റ്സ് ലഭ്യമാക്കി കൂടുതൽ ജീവനക്കാരെ നിയോഗിച്ച് പ്രൊഡക്ഷൻ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായി. തൽഫലമായി ബസുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം പൂർത്തീകരിച്ച് ഡോക്ക് നിയന്ത്രിച്ച് ശരാശരി ഓഫ്റോഡ് സെപ്റ്റംബർ മാസം 2025-ൽ 451 ആയി നില നിർത്തുന്നതിന് സാധിച്ചു.

നിലവിൽ സർവ്വീസിന് ഉപയോഗിച്ചു വരുന്ന സൂപ്പർ ക്ലാസ്സ് ബസ്സുകൾ എല്ലാവിധ അറ്റകുറ്റപണികളും നടത്തി റീ ഫർബിഷിംഗ് പൂർത്തീകരിച്ച് 95 ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്.

വിനോദ സഞ്ചാരികളുടെ ആവശ്യത്തിലേയ്ക്കായി ഒരു ഡബിൾ ഡക്കർ ബസ് പരിവർത്തനം നടത്തി മൂന്നാറിൽ സർവ്വീസ് നടത്തുന്നതിന് സജ്ജമാക്കി നൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ആർ.ടി.സി.യിൽ വാങ്ങിയ ബസ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | Buses Registered Under KSRTC | Buses Registered Under KSRTC-SWIFT Ltd. | Total |
|---|---|---|---|
| Diesel Bus | 113 | 311 | 424 |
| Electric Bus | - | 165 | 165 |
| Total | | | 589 |

11.12.2021-ലെ G.O.(Ms) No. 58/2021/TRANS പ്രകാരം KSRTC-SWIFT എന്ന കമ്പനി രൂപീകരിച്ചു.

ടി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ 165 ഇലക്ട്രിക്ക് ബസ്സുകളും, 311 സൂപ്പർ ക്ലാസ് ഡീസൽ ബസ്സുകൾ ഉൾപ്പടെ 476 ബസ്സുകൾ കെ.എസ്.ആർ.ടി.സി. സർവീസ് നടത്തി വരുന്നു.

ഇതിന് പുറമേ രണ്ട് എ.സി. സ്ലീപ്പർ (വോൾവോ), ഒരു എ.സി. സ്ലീപ്പർ ബസ്, പത്ത് എ.സി. പ്രീമിയം സൂപ്പർഫാസ്റ്റ് ബസുകൾ ഉടൻ ലഭ്യമാകുന്നതാണ്.

| | | | |
|---|---|---|---|
| (ബി) | കെ. എസ്. ആർ. ടി. സി. യിൽ വിദ്യാർത്ഥികൾക്കുള്ള കൺസഷൻ | (ബി) | കെ.എസ്.ആർ.ടി.സി.യിൽ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന യാത്രാ സൗജന്യങ്ങൾ സംസ്ഥാനാടിസ്ഥാനത്തിൽ എല്ലാ |

| | | | |
|---|---|---|---|
| | ചാർജ്ജ് എല്ലാ ജില്ലകളിലുമുണ്ടോ; ഇല്ലെങ്കിൽ എല്ലാ ജില്ലകളിലും നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | | ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്.<br><br>വിദ്യാർത്ഥികൾക്ക് കൺസഷൻ ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള എല്ലാ സജ്ജീകരണങ്ങളും നടപ്പിൽവരുത്തിയിട്ടുണ്ട്. www.concessionksrtc.com എന്ന വെബ് സൈറ്റിന്റെ ലിങ്ക് കെ.എസ്.ആർ.ടി.സി.യുടെ ഔദ്യോഗിക വെബ് സൈറ്റിലും ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷകർക്ക്, അപേക്ഷയുടെ തൽസ്ഥിതി അറിയുന്നതിനായി SMS സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഉപയോഗിച്ച് വരുന്ന പേപ്പർ രൂപത്തിലുള്ള കൺസഷൻ കാർഡുകൾ ആർ.എഫ്.ഐ.ഡി. കാർഡുകൾ ആക്കി മാറ്റിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ